ശ്രീ. പി.കെ. കുഞ്ഞച്ചൻ : താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ കേടുപാടുപറ്റിക്കിടക്കുന്ന എല്ലാ യൂണിറ്റുകളുടെ കേടുപാട് തീർക്കാനും ജലദൗർലഭ്യം തീർക്കാനായി സാനിറ്ററി ഫിറ്റിംഗ്സ് നടത്താനും അടിയന്തിരമായി നടപടിയെടുക്കുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അതിനുള്ള പണം കിട്ടുന്നതിനു വിധേയമായി വേണ്ടതു ചെയ്യാം.

ശ്രീ. എൻ. പ്രഭാകരതണ്ടാർ : അത്രക്കുറ്റി ആശുപത്രിക്കു സമീപം എക്സൈസ് ഡിപ്പാർട്ടുമെൻറു വക കെട്ടിടം ഒഴിഞ്ഞുകിടക്കുന്നതു് ആശുപത്രിയുടെ ആവശ്യത്തിനുപയോഗിക്കാമെന്നു് ബഹുമാനപ്പെട്ട മന്ത്രി പലതവണ അവിടം സന്ദർശിച്ചപ്പോഴും പറഞ്ഞിട്ടും, ഇതുവരെയും അതിനുള്ള നടപടിയെടുക്കാത്തതെന്താണെന്നു പറയാമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ : പക്ഷെ ഞാൻ പലതവണ അവിടം സന്ദർശിച്ചിട്ടില്ല. ഒരിക്കൽമാത്രമാണു് സന്ദർശിച്ചിട്ടുള്ളതു്. ആ കെട്ടിടം കിട്ടുകയാണെങ്കിൽ ആശുപത്രിക്കുവേണ്ടി ഉപയോഗിക്കാം. പക്ഷേ ഇതുവരെ കിട്ടിയിട്ടില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ യൂണിറ്റ് സംപ്രദായം ഏർപ്പെടുത്തുന്നതിനു് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ : യൂണിറ്റു സംപ്രദായം ഏർപ്പെടുത്താൻ സാധിക്കുന്ന സ്ഥലങ്ങളിൽ അക്കാര്യം പരിശോധിക്കാം.

## ഔഷധങ്ങൾ വാങ്ങുന്നതിനുള്ള സ്റ്റോഴ്സ് പർച്ചേസ് കമ്മിററി

* 124 [262] ശ്രീ. ജെ. കമാലിയാസ് മൊറായിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹെൽത്തു ഡിപ്പാർട്ടുമെൻറിനു ആവശ്യമുള്ള ഔഷധങ്ങൾ വാങ്ങുന്നതിനു് സ്റ്റോഴ്സ് പർച്ചേസ് കമ്മിററി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ കമ്മിററിയിലെ ഉദ്യോഗസ്ഥ അനുദ്യോഗസ്ഥ മെമ്പറന്മാർ ആരെല്ലാം?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) :

(എ) ഉണ്ടു്.

(ബി) അനുദ്യോഗസ്ഥ മെമ്പറന്മാർ ഇല്ല. ഉദ്യോഗസ്ഥ മെമ്പറന്മാർ ഹെൽത്തു സെക്രട്ടറി, ധനകാര്യവകുപ്പിലെ ജോയിൻറു സെക്രട്ടറി, ഹെൽത്തു സർവ്വീസസ് ഡയറക്ടർ. അഞ്ചുലക്ഷം രൂപയിൽ കൂടുതലുള്ള ടെൻഡറുകൾ പരിഗണിക്കുമ്പോൾ ഈ കമ്മിററിയിൽ പ്ലാനിംഗ് സെക്രട്ടറിയും ഒരു മെമ്പറായിരിക്കും.

ഇതിനുംപുറമേ ഒരു ടെക്നിക്കൽ കമ്മിററിയുമുണ്ടു്. അതിലെ മെമ്പറന്മാർ ഡയറക്ടർ ഓഫ് ഹെൽത്തുസർവ്വീസസ്, പ്രൊഫസറന്മാർ (തിരുവനന്തപുരവും കോട്ടയവും മെഡിക്കൽ കോളേജിലെ), ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഹെൽത്തു് സർവ്വീസസ്, ഡി. എം. ഓ, ഇ. എസ്. ഐ ; സ്റ്റോഴ്സ് ഓഫീസർ എന്നിവരാണു്.

ശ്രീ. ജെ. കമാലിയാസ് മൊറായിസ് : സാധാരണ കമ്മിററികളിൽ അനുദ്യോഗസ്ഥ മെമ്പറന്മാരെക്കൂടി ഉൾപ്പെടുത്തുന്ന നയം ഈ ഗവണ്മെൻറു് അംഗീകര

LIBRARY ARCHIVES Kerala Legislative Assembly

ച്ചിരിക്കുന്ന സ്ഥിതിക്ക് ഈ കമ്മിററിയിലും അനുദ്യോഗസ്ഥമെമ്പറന്മാരെ ഉൾപ്പെടുത്താൻ ദയവുണ്ടാകുമോ ?

ശ്രീ ബി. വെല്ലിംഗ്ടൺ : ആ പ്രശ്നം പരിശോധിക്കുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സ്റ്റോഴ്സ് പർച്ചേസിന്റെ കാര്യത്തിൽ ടെൻഡറു അംഗീകരിച്ചശേഷം സപ്ലൈ ചെയ്യാൻ താമസം വന്നതുകൊണ്ട് ഗവണ്മെന്റിന് നഷ്ടം വന്നിട്ടുള്ളതായി പബ്ലിക് അക്കൗണ്ട്സ് കമ്മിററിറിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ ബി. വെല്ലിംഗ്ടൺ : അതു പരിശോധിച്ചുവരുന്നതേയുള്ളു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : ആശുപത്രികളിൽ ഔഷധം വാങ്ങുന്നതു സംബന്ധിച്ച് 1968 മെയ് 23-ാം തിയതിയിലെ ദേശാഭിമാനി പത്രത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെപ്പററി ഒരാരോപണം പ്രസിദ്ധപ്പെടുത്തിയിരുന്നതു് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : മന്ത്രിയെപ്പററി അതിൽ യാതൊരു പരാമർശവും ഉണ്ടായിരുന്നില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : അതല്ല സർ......

മി. സ്പീക്കർ : മന്ത്രി പറഞ്ഞ ഉത്തരം ശരിയല്ലെങ്കിൽ സഭയിൽ വേറെ മാർഗ്ഗമൊന്നുമില്ല.

## എസ്റ്റിമേററ്സ് കമ്മിററിയുടെ അഞ്ചാം റിപ്പോർട്ട്

* 125. [263] ശ്രീ.വി.വി. ദക്ഷിണാമൂർത്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും സഹകരണവുംമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്റ്റിമേററ്സ് കമ്മിററിയുടെ ജലസേചനത്തെ സംബന്ധിച്ച അഞ്ചാം റിപ്പോർട്ടിൽ ബെററർമെന്റ് ലെവിയെ സംബന്ധിച്ച ശുപാർശ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതേ സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പഴശ്ശി പ്രോജക്ററിന്റെ പ്രവർത്തനം മന്ദീഭവിച്ചതിനെ സംബന്ധിച്ച് എസ്റ്റിമേററ്സ് കമ്മിററിയുടെ അഞ്ചാമത്തെ റിപ്പോർട്ട് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ പദ്ധതിയുടെ പ്രവർത്തനം മന്ദീഭവിച്ചതിനെപ്പററി അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) ഈ പ്രോജക്ററിൽ സി. എൽ. ആർ. തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുണ്ടോ ?

ജലസേചനവും സഹകരണവുംമന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പ്) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളതിനെപ്പററി അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : ബെററർമെന്റ ലെവിയെ സംബന്ധിച്ചിട്ടെന്തെല്ലാം തീരുമാനമെടുത്തു എന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly